പത്രക്കുറിപ്പ്
23-3-2018

**ശുചിത്വ മേഖലയിലെ പ്രവർത്തന മികവ്:**
**കുടുംബശ്രീ നഗരസഭാ എ.ഡി.എസുകൾക്ക്**
**ദേശീയ അവാർഡ് സമ്മാനിച്ചു**

തിരുവനന്തപുരം: ശുചിത്വമേഖലയിലെ മികവുറ്റ പ്രവർത്തനങ്ങൾക്ക് ദേശീയ നഗര ഉപജീവന മിഷൻ ഏർപ്പെടുത്തിയ സ്വച്ഛത എക്സലൻസ് ദേശീയ അവാർഡ് കേന്ദ്ര ഭവന നഗരകാര്യവകുപ്പ് മന്ത്രി ഹർദീപ് സിങ്ങ് പുരിയിയിൽ നിന്നും കുടുംബശ്രീ നഗരസഭാ എ.ഡി.എസുകളുടെ പ്രസിഡന്റുമാരും സെക്രട്ടറിമാരും ചേർന്ന് സ്വീകരിച്ചു. ഡൽഹിയിലെ പ്രവാസി ഭാരതി കേന്ദ്രത്തിൽ നടന്ന ചടങ്ങിലായിരുന്നു അവാർഡ് വിതരണം.

അവാർഡ് വിതരണത്തിനു മുന്നോടിയായി നടത്തിയ ശിൽപശാലയിലാണ് വിജയികളെ പ്രഖ്യാപിച്ചത്. ഒന്നാം സ്ഥാനം നേടിയ ജില്ലയിലെ കഴക്കൂട്ടം .എ.ഡി.എസിന് ഒന്നര ലക്ഷം രൂപയും ശിൽപവും സർട്ടിഫിക്കറ്റും രണ്ടാം സ്ഥാനത്തെത്തിയ ജില്ലയിലെ കാലടി, മലപ്പുറം ജില്ലയിലെ താമരക്കുഴി, മൂന്നാംപടി എന്നീ എ.ഡി.എസുകൾക്ക് ഒരു ലക്ഷം രൂപയും ശിൽപവും സർട്ടിഫിക്കറ്റും മൂന്നാം സ്ഥാനം നേടിയ കൊടുങ്ങല്ലൂർ ചാപ്പാര, തിരുവനന്തപുരം ജില്ലയിലെ പുന്നയ്ക്കാമുഗൾ, കുളത്തൂർ എ.ഡി.എസുകൾക്ക് അമ്പതിനായിരം രൂപയും ശിൽപവും സർട്ടിഫിക്കറ്റുമടങ്ങുന്ന അവാർഡും ലഭിച്ചു.

സംസ്ഥാനത്ത് കഴിഞ്ഞ വർഷം കുടുംബശ്രീ എ.ഡി.എസുകൾ മുഖേന നഗരസഭാപ്രദേശങ്ങളിലെ ശുചിത്വമേഖലയിൽ നടത്തിയ മികച്ച പ്രവർത്തനങ്ങൾ മുൻനിർത്തിയാണ് ദേശീയ അവാർഡ്. പബ്ളിക് ടോയ്ലെറ്റുകളുടെ നിർമാണം, പ്ളാസ്റ്റിക് മാലിന്യത്തിന്റെ പുനരുപയോഗം, ജലസ്രോതസുകളുടെ ശുദ്ധീകരണം, പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനായി വെക്ടർ കൺട്രോൾ പ്രോഗ്രാം, മഴക്കാല പൂർവ ശുചീകരണം എന്നിങ്ങനെ ശുചിത്വവും പരിസ്ഥിതിയും ആരോഗ്യവും സംരക്ഷിക്കുന്നതിനായി നഗരസഭാ വാർഡുതലത്തിൽ കുടുംബശ്രീ നടത്തിയ പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ ദേശീയ അംഗീകാരം ലഭിച്ചത്. എ.ഡി.എസ് പ്രതിനിധികൾക്കൊപ്പം അതത് സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിലെ അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ, നഗരകാര്യ വകുപ്പ് ഡയറക്ടർ ഹരിത.വി.കുമാർ, അർബൻ പ്രോഗ്രാം ഓഫീസർ ബിനു ഫ്രാൻസിസ് എന്നിവരടങ്ങിയ സെലക്ഷൻ കമ്മിറ്റിയാണ് കേരളത്തിലെ വിവിധ നഗരസഭകളിൽ നിന്നും ലഭിച്ച ഇരുനൂറ്റി ആറ് അപേക്ഷകളിൽ നിന്നും ഇരുപത്തിയൊന്ന് എൻട്രികൾ തിരഞ്ഞെടുത്ത് ഡൽഹിയിലെ ഭവന നഗരകാര്യ മന്ത്രാലയത്തിലേക്ക് അവാർഡ് നിർണയത്തിനായി അയച്ചത്. തുടർന്ന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ കീഴിലുള്ള വിദഗ്ധർ അവാർഡിനായി നിർദേശിക്കപ്പെട്ട ഇരുപത്തിയൊന്ന് എ.ഡി.എസുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സെലക്ഷൻ കമ്മിറ്റി മികച്ച പ്രവർത്തനം കാഴ്ച വച്ച കേരളത്തിൽ നിന്നുള്ള എ.ഡി.എസുകളെ അവാർഡിനായി തിരഞ്ഞെടുത്തത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**